**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.213 — 15.07.2016-ൽ മറുപടിയ്ക്ക്

## അക്കാദമികളുടെ പുനഃസംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.എം.മുകേഷ് | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
| (എ) സാംസ്കാരിക കേന്ദ്രങ്ങളായ അക്കാദമികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. സർക്കാരിന് കീഴിലുള്ള വിവിധ അക്കാദമികളുടെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ അക്കാദമികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ഗ്രാന്റ് ആയി അനുവദിക്കുന്ന തുക നിശ്ചയിച്ചിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നു എന്നുള്ളത് ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന ഭരണ സമിതികൾ അക്കാദമികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) അരാജകത്വവും ഫാസിസ്റ്റ് പ്രവണതയും പ്രതിരോധിക്കാൻ അക്കാദമികളെ പ്രാപ്തമാക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തുമോ; | (സി) മതേതര ചിന്തകൾ പ്രോത്സാഹിപ്പിക്കുക, വർഗ്ഗീയതിലധിഷ്ഠിതമായ ഫാസിസ്റ്റ് ശക്തികളെ പ്രതിരോധിക്കുക, നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക, സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി എല്ലാവിധ അരാജകത്വ പ്രവണതകളെയും ചെറുക്കുക, പാരമ്പര്യ കലകളെ പരിപോഷിപ്പിക്കുക, സാംസ്കാരിക ഇടങ്ങളെ തിരിച്ചുപിടിക്കുക എന്നീ ലക്ഷ്യങ്ങളിലധിഷ്ഠിതമായ ഒരു സാംസ്കാരിക നയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി അക്കാദമികളെയും, മറ്റിതര സാംസ്കാരിക സ്ഥാപനങ്ങളെയും സജ്ജമാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകും. |
| (ഡി) അതിന്റെ അടിസ്ഥാനത്തിൽ സാഹിത്യ അക്കാദമി, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി തുടങ്ങിയവയെ പുനഃസംഘടിപ്പിക്കുമോ? | (ഡി) കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി എന്നിവയുടെ പുനഃസംഘടന സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ